**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 163** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എം. അഭിജിത്ത്
ശ്രീ. ടി. ജെ. വിനോദ്
ശ്രീ. കെ. പ്രവീൺ കുമാർ
ശ്രീമതി ഉഷ വിജയൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ വികസനം ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സാമ്പത്തികവികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാപരമായ ചുമതലയാണ്. സാമൂഹിക സുരക്ഷാ പെൻഷൻ കാര്യക്ഷമമായി വിതരണം ചെയ്യൽ, ദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തി അവർക്ക് താങ്ങാകൽ, ഒറ്റപ്പെടൽ അനുഭവിക്കുന്ന മുതിർന്നവർക്കായി പ്രത്യേക പദ്ധതി, വയോജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കാൻ പ്രത്യേക വോളണ്ടിയർമാരെ നിയമിക്കൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ ഭിന്നശേഷിക്കാർക്ക് വർദ്ധിപ്പിച്ച് നൽകൽ, തുടങ്ങിയ വിഷയങ്ങൾ പ്രത്യേകം പരിശോധിക്കുന്നതാണ്.

**(ബി)** കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അനാഥരഹിത കേരളം സാധ്യമാക്കുന്നതിനും വനിതാ ശിശു വികസന വകുപ്പുമായും ആഭ്യന്തര വകുപ്പുമായും ഏകോപിച്ച് പ്രവർത്തിക്കുന്നതിന് പ്രത്യേക പദ്ധതികളോ മറ്റ് നടപടികളോ സ്വീകരിക്കുമോ;

**<u>മറുപടി:</u>** കുട്ടികളുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി പ്രത്യേക പദ്ധതി തയ്യാറാക്കണമെന്നും പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ അവരുടെ സമഗ്ര വികാസം, സംരക്ഷണം, അതിജീവനം, പങ്കാളിത്തം തുടങ്ങിയ അടിസ്ഥാന അവകാശങ്ങൾ ലക്ഷ്യമിട്ടായിരിക്കണം പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടത് എന്നും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളതാണ്. കുടുംബങ്ങളിലും, പൊതു ഇടങ്ങളിലും വിദ്യാലയങ്ങളിലും കുട്ടികൾക്ക് ഏൽക്കേണ്ടി വരുന്ന ശാരീരിക-മാനസിക-ലൈംഗിക പീഡനങ്ങൾ തടയുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിലവിൽ തന്നെ ഇടപെടൽ നടത്താവുന്നതാണ്.

കുട്ടികളുടെ സുരക്ഷ, സംരക്ഷണം, പുനരധിവാസം എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങളും പദ്ധതികളും വനിതാ ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിലാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. കുട്ടികളുടെ അവകാശ സംരക്ഷണവും സുരക്ഷിത ബാല്യവും ഉറപ്പാക്കുക എന്ന

ലക്ഷ്യത്തോടെ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിൽ ആഭ്യന്തര വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തുടങ്ങിയ വകുപ്പുകളോടൊപ്പം തദ്ദേശ സ്വയംഭരണ വകുപ്പും പ്രധാന പങ്കാളിയാണ്.

കുട്ടികളുടെ സുരക്ഷയും സംരക്ഷണവും കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ആഭ്യന്തര വകുപ്പ് നടത്തുന്ന ഇടപെടലുകൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പിന്തുണ ഉണ്ടാകും. കുട്ടികളുടെ മേഖലയിൽ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളിലും പ്രവർത്തനങ്ങളിലും ഇതര വകുപ്പുകളുടെ പരസ്പര സഹകരണവും ഏകോപനവും നിലവിൽ ഉറപ്പാക്കി വരുന്നുണ്ട്.

**(സി)** ഒറ്റപ്പെട്ടു കഴിയുന്ന വയോജനങ്ങളുടെ സുരക്ഷയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്യാനാകുമോ; വിശദമാക്കുമോ?

**മറുപടി:** മുതിർന്ന പൗരന്മാർക്ക് പകൽസമയങ്ങളിൽ തനിച്ചാകുന്നത് ഒഴിവാക്കാനും, അവർക്ക് സുരക്ഷിതവും സന്തോഷകരവുമായ അന്തരീക്ഷം ഒരുക്കാനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ സാമൂഹ്യ നീതി വകുപ്പിന്റെ സഹകരണത്തോടെ പകൽവീടുകൾ പ്രവർത്തിക്കുന്നുണ്ട്. പകൽ വീടുകൾ തുടർച്ചയായും കാര്യക്ഷമമായും പ്രവർത്തിക്കുന്നു എന്ന് തദ്ദേശഭരണ സ്ഥാപനം ഉറപ്പാക്കേണ്ടതാണ് എന്ന് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ശാരീരികവും മാനസികവുമായ ആരോഗ്യത്തിനായി യോഗയും വ്യായാമവും, ഭക്ഷണം, താല്പര്യങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടൽ, വിനോദ ഉപാധികൾ, ചെറുതൊഴിൽ പരിശീലനങ്ങൾ, വൈദ്യ സേവനവും മരുന്നും, എന്നിവ ഈ കേന്ദ്രങ്ങളിൽ പ്രദാനം ചെയ്യാവുന്നതാണ്.

വയോജന പരിപാലനകേന്ദ്രം ആരംഭിക്കുന്നതിനും പരിപാലിക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളതാണ്. പകൽ സമയത്ത് പ്രവർത്തിക്കുന്ന വിശ്രമ-വിനോദകേന്ദ്രങ്ങൾ ആയ വയോക്ലബുകൾ ആരംഭിക്കുന്നതിനും നിലവിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നതാണ്.

വയോജനങ്ങൾക്ക് നേരെയുണ്ടാകുന്ന സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം, അതിക്രമങ്ങൾ എന്നിവയിൽ ഇടപെട്ട് പരിഹരിക്കുന്നതിനും, അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും വേണ്ടി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വയോജന ജാഗ്രത സമിതികളും പ്രവർത്തിക്കുന്നുണ്ട്. ഒറ്റപ്പെടൽ അനുഭവിക്കുന്ന വയോജനങ്ങൾ ഉൾപ്പടെ അർഹരായവരുടെ പടിവാതിൽക്കൽ സർക്കാർ സേവനങ്ങൾ എത്തിക്കുന്നതിനായി വാതിൽപ്പടി സേവനം പദ്ധതിയും നിലവിലുണ്ട്. വയോജനങ്ങളായ കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന്, പോഷകാഹാര വിതരണം എന്നിവ സാന്ത്വന പരിചരണ പദ്ധതിയുടെ ഭാഗമായും നൽകുന്നുണ്ട്.

ഒറ്റപ്പെടൽ അനുഭവിക്കുന്ന മുതിർന്നവർക്കായി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകുന്നതും ഇവർക്കായി അടഞ്ഞു കിടക്കുന്ന വീടുകൾ, കാടുപിടിച്ച വസ്തു വകകളും ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള പ്രത്യേക നടപടികൾക്ക് രൂപം നൽകുന്നതും സർക്കാർ പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**